# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/P8/2456/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 20/01/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ, കോഴിക്കോട്.
3)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/P8/2456/22 തീയ്യതി: 20/01/2023

## കോഴിക്കോട് ജില്ലയിലെ തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-05-2022 മുതൽ 20-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സിനി. എം.വി | ജോയിന്റ് ഡയരക്ടർ | 21-12-2022 | 26-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-12-2022 | 26-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ കെ.എം.ബാലകൃഷ്ണൻ
ശ്രീ ശ്രീജിത്ത് കെ.വി, ഓഡിറ്റർ
ശ്രീ വിജേഷ് കെ.കെ, ഓഡിറ്റർ
ശ്രീമതി അപർണ ഡി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീലത എം | ചെയർപേഴ്സൺ | 01-04-2021 | 31-03-2022 |
| ശ്രീമതി സിസിലി പി.വി | സെക്രട്ടറി | 01-04-2021 | 14-05-2021 |
| ശ്രീ ജോബി സാലസ് | സെക്രട്ടറി | 15-05-2021 | 13-09-2021 |
| ശ്രീ മുഹമ്മദ് മുഹ്സിൻ കെ.പി | സെക്രട്ടറി | 14-09-2021 | 31-03-2022 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രേണു പി | കൃഷി അസി. ഡയരക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ സജീവൻ ടി | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി സീജ എൻ പി | അസി.എക്സി. എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി വിൻസി വിജയൻ | അസി. എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി ഷീനി ജി.കെ | സി.ഡി.പി.ഒ | 01-04-2021 | 28-10-2021 |
| ശ്രീമതി ഗീത എൻ പി | സി.ഡി.പി.ഒ | 29-10-2021 | 31-03-2022 |
| ശ്രീ അനൂപ് ഷിനു | വ്യവസായ വികസന ഓഫീസർ | 01-04-2021 | 08-02-2022 |
| ശ്രീ വിശ്വൻ കോറോത്ത് | വ്യവസായ വികസന ഓഫീസർ | 09-02-2022 | 15-03-2022 |
| ശ്രീ ഷിനോജ് കെ | വ്യവസായ വികസന ഓഫീസർ | 16-03-2022 | 31-03-2022 |
| ശ്രീ മാർട്ടിൻ സനൽ കുമാർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 22-10-2021 |
| ശ്രീ ശ്രീജിത് സി.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 23-10-2021 | 01-03-2022 |
| ശ്രീമതി അമൃത ബി നായർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 02-03-2022 | 31-03-2022 |
| ശ്രീമതി ഉഷ നടുവിലക്കണ്ടി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക കണക്ക് | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 8 | സമഗ്ര ഇടവിളകൃഷി വികസനം (വനിത) – പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-7 |
| 9 | സ്വതന്ത്ര സോഫ്റ്റ്‌വെയർ നീക്കം ചെയ്ത് വ്യാജ ഒ.എസ് ഇൻസ്റ്റാൾ ചെയ്തു. | 1-8 |
| 10 | അധികാര പരിധിക്ക് പുറത്തുള്ള ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകി. | 1-9 |
| 11 | CDPO നിർവഹണം നടത്തിയ പദ്ധതി- അപാകതകൾ | 1-10 |
| 12 | ജനകീയ ഹോട്ടലിന് സഹായം- സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 1-11 |
| 13 | വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-12 |
| 14 | ചെലവുകൾ സാംഖ്യയിൽ രേഖപ്പെടുത്തുന്നതിൽ കാലതാമസം | 1-13 |
| 15 | തനത് ഫണ്ട് വിനിയോഗത്തിലെ അപാകതകൾ | 1-14 |
| 16 | ക്ഷീര വികസനം/മൃഗ സംരക്ഷണം- ചുമതലകൾ നിറവേറ്റപ്പെടുന്നില്ല | 1-15 |
| 17 | അസിസ്റ്റന്റ് എഞ്ചിനീയർ ഭാഗികമായി പദ്ധതികൾ രൂപീകരിച്ച് നിർവ്വഹിക്കുന്നു. | 1-16 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| 1 | സ്വതന്ത്ര സോഫ്റ്റ്‌വെയർ നീക്കം ചെയ്ത് വ്യാജ ഒ.എസ് ഇൻസ്റ്റാൾ ചെയ്തു. | 3-1 |
| | ഭാഗം 4 | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |

| | | |
|---|---|---|
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പരിഷ്കരിച്ച ബജറ്റ് 31.3.2022 ലെ തീരുമാനം (1/1) പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

മുൻ വർഷങ്ങളിൽ പരാമർശിച്ച, ബജറ്റ് രേഖകൾ പൂർണ്ണമല്ലാത്തതും, വാർഷിക പദ്ധതി അടങ്കലും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടാത്തത്, വരവ് ചെലവ് വ്യതിയാനങ്ങൾക്കനുസൃതമായി ബജറ്റ് പുതുക്കാത്തത് തുടങ്ങിയ അപാകതകൾ നടപ്പ് വർഷത്തിലും ആവർത്തിച്ചിട്ടുണ്ട്.

### 1-2 വാർഷിക കണക്ക്

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 07.06.2022 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 -ലെ വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) 2020-21 വർഷം ബാങ്ക് റിക്കൺസിലിയേഷൻ ചെയ്യുന്നുണ്ടെങ്കിലും സ്ഥാപനം നൽകുന്ന ചെക്കുകൾ യഥാസമയം സാംഖ്യയിൽ രേഖപ്പെടുത്തുന്നില്ല എന്ന് കാണുന്നു. ഉദാഹരണമായി സെപ്തംബർ മാസത്തെ ചുവടെ കൊടുത്ത വൗച്ചർ പ്രകാരമുള്ള ചെക്കുകൾ 4 മാസം കഴിഞ്ഞാണ് സാംഖ്യയിൽ രേഖപ്പെടുത്തിയതായി കണ്ടത്.

| വൗച്ചർ നം | വൗച്ചർ തീയതി | ഇൻസ്ട്രുമെന്റ് നം | ഇൻസ്ട്രുമെന്റ് തീയതി | തുക |
|---|---|---|---|---|
| 22100040 | 1-9-21 | 64580683 | 3-4-21 | 3630 |
| 22100042 | 1-9-21 | 5480683 | 3-4-21 | 783 |
| 22100043 | 1-9-21 | 6480683 | 3-4-21 | 1200 |
| 22100044 | 1-9-21 | 6480683 | 3-4-21 | 4600 |

2) വാർഷിക കണക്ക് B-5 പ്രകാരം കോ-ഓപ്പറേറ്റീവ് ബാങ്കിലെ ലോൺ കുടിശ്ശികയായി 1688128/-രൂപയുണ്ട്. എന്നാൽ ഇതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തി ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. നാളിതുവരെയുള്ള ലോൺ വിവരങ്ങളും പലിശയും ലോൺ തിരിച്ചടവ് വിവരവും പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

3) വാർഷിക കണക്ക് B-18 പ്രകാരം അഡ്വാൻസ് ഇനത്തിൽ 543835/-രൂപയുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം അഡ്വാൻസ് തുകയായുള്ളത് 619542/-രൂപയാണ്. ഇത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) വാർഷിക കണക്ക് B-7 പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ 490021/- രൂപ ഡെപ്പോസിറ്റായുണ്ട്.

എന്നാൽ ഇതിന് ഡെപ്പോസിറ്റ് രജിസ്റ്റർ സ്ഥാപനം സൂക്ഷിക്കുന്നില്ല.

5) വാർഷിക കണക്ക് B-17 പ്രകാരമുള്ള KGB-A/C No.8028 (മിസ്സല്ലേനിയസ്) അക്കൗണ്ടിന്റെ 3/22 ലെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Directly Debitted By Bank ആയി 27/04/21ലെ വൗച്ചർ നമ്പറായി Tax എന്ന് രേഖപ്പെടുത്തി 25237/-രൂപ ബാങ്ക് ഡെബിറ്റ് ചെയ്തതായി കാണുന്നു. ഇത് ഏതിനത്തിൽ ബാങ്ക് ഡയറക്റ്റ് റി ഡെബിറ്റ് ചെയ്തതാണ് എന്ന് വ്യക്തമല്ല. വിശദ വിവരം ലഭ്യമാക്കേണ്ടതാണ്.

ലോൺ രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി നൽകിയിട്ടില്ല.

3) ബാലൻസ് ഷീറ്റ് B-9 സ്റ്റേറ്റ്മെന്റുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

4) അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

7) വാർഷിക കണക്ക് B-14 -ൽ സ്റ്റോക്ക് ഇൻ ഹാന്റ് ഒന്നുമില്ല എന്നാണ് കാണിച്ചിരിക്കുന്നത്. എന്നാൽ പഞ്ചായത്ത് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പുള്ള സ്റ്റോക്കിന്റെ മൂല്യം കണക്കാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല.

8) ആസ്തികൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയതിന് വർക്ക്ഷീറ്റ് വച്ചിട്ടില്ല.

9) വാർഷിക കണക്ക് RP31(E) പ്രകാരം സംയുക്ത പ്രോജക്ടുകളിൽ പഞ്ചായത്ത് വിഹിതം ചെലവായി 910000/-രൂപ വന്നിട്ടുണ്ട്. എന്നാൽ ഇത് ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ RP31(വരവ്) ഭാഗത്ത് സംയുക്ത പ്രോജക്റ്റ്(മുനിസിപ്പൽ കോർപ്പറേഷൻ) വിഹിതമിനത്തിൽ 3163481/- രൂപയും ഗ്രാമപഞ്ചായത്ത് വിഹിതമിനത്തിൽ 2470000/- രൂപയും റവന്യൂ ചെലവായി കാണിച്ചിട്ടുണ്ട്. എന്നാൽ ഈ ചെലവുകൾ ഏതിനത്തിലാണെന്ന് വ്യക്തമല്ല. കൂടാതെ RP-7 പ്രകാരം 620000/- രൂപ വരവ് വന്നിട്ടുണ്ട്. ഇത് ഏതിനത്തിലെ വരവാണെന്ന് വ്യക്തമല്ല. മേൽ പരാമർശിച്ച സംയുക്ത പ്രോജക്ടുകളുടെ വരവ് ചെലവ് പദ്ധതി വിവരങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കേണ്ടതാണ്. ചെലവ് പത്രികയിൽ ആകെ മറ്റ് ഗ്രാമപഞ്ചായത്ത് വിഹിതമിനത്തിൽ വകയിരുത്തിയത്. 2170000/- രൂപയാണ്. എന്നാൽ ചെലവ് പത്രികയിൽ ചെലവ് ഒന്നും രേഖപ്പെടുത്തിയിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

10) വാർഷിക കണക്ക് B-4 സ്റ്റേറ്റ്മെന്റ് പ്രകാരം സംയുക്ത പ്രോജക്റ്റ് (ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ) മുനിസിപ്പൽ കോർപ്പറേഷൻ വരവിനത്തിൽ 3163481/-രൂപ ചെലവഴിക്കാൻ നീക്കിയിരിപ്പുണ്ട്. എന്നാൽ ഈ തുക ബാലൻസ് ഷീറ്റ് B-17 ൽ നീക്കിയിരിപ്പായി കാണുന്നില്ല.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (3/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദമായ മറുപടി രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2106149 |
| വരവ് | 53275779 |
| ആകെ | 55381928 |
| ചെലവ് | 49795608 |
| നീക്കിയിരിപ്പ് | 5586320 |

1-4 ഫണ്ട് വിനിയോഗം

ഗ്രാന്റ്

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക | |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 18119000 | 18119000 | 16384517 | 1734483 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3802000 | 3802000 | 3802000 | 0 |
| വികസന ഫണ്ട്- സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) ട്രഷറി മുഖേന | 0 | 1042599 | 1042599 | 1042599 | 0 |
| വികസന ഫണ്ട് - സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)ട്രഷറി മുഖേന | 0 | 4170000 | 4170000 | 1044784 | 3125216 |
| വികസന ഫണ്ട്- സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) PFMS മുഖേന | 0 | 3374000 | 3374000 | 2989757 | 384243 |
| വികസന ഫണ്ട് - സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)PFMS | 0 | 5061000 | 5061000 | 1390000 | 3671000 |

| | | | | | |
|---|---|---|---|---|---|
| മുഖേന | | | | | |
| മെയിന്റനൻസ്, നോൺ – റോഡ് | 0 | 5438576 | 5438576 | 2472460 | 2966116 |

## 1-5 പദ്ധതി അവലോകനം

തൻവർഷം 91 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 74 പ്രൊജക്ടുകൾ നടപ്പിലാക്കി. 17 പ്രൊജക്ടുകൾ നടപ്പിലാക്കിയില്ല. 59260606 രൂപ പദ്ധതി വിഹിതമായി വകയിരുത്തിയതിൽ 32490620 രൂപ വിനിയോഗിച്ചു. വികസന ഫണ്ടിനത്തിൽ ലഭിച്ച തുകയിൽ 71.02 ശതമാനം തുകയാണ് ചെലവഴിച്ചത്. എസ്.സി.പി ഫണ്ട് 100 % ചെലവഴിച്ചിട്ടുണ്ട്. വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ട്രഷറി മുഖേന) എന്നീ ഇനങ്ങളിൽ ലഭിച്ച തുകയിൽ 7825815 രൂപ ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ഫണ്ടിനം | ചെലവഴിക്കാതെ ലാപ്സാക്കിയ തുക |
|---|---|
| വികസന ഫണ്ട് (ജനറൽ) | 1734483 |
| വികസന ഫണ്ട് - സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)ട്രഷറി മുഖേന | 3125216 |
| മെയിന്റനൻസ്, നോൺ – റോഡ് | 2966116 |
| ആകെ | 7825815 |

പദ്ധതി പ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്യുന്നതിലും നിർവ്വഹണത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിലും വീഴ്ച സംഭവിച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കാത്ത നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിശദ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം |
|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 09 |

| | |
|---|---|
| സെക്രട്ടറി | 05 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 02 |
| വ്യവസായ വികസന ഓഫീസർ | 01 |

അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കാത്തതും ലഭിച്ച ഫണ്ട് മുഴുവൻ ചെലവാക്കാത്തതും കാരണം പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനം യഥാസമയം ലഭിക്കാതിരിക്കുകയും ലഭിച്ച ഫണ്ട് നഷ്ടപ്പെടുന്നതിനും ഇടയാക്കി. അംഗീകാരം ലഭിച്ച മുഴുവൻ പദ്ധതികളും നടപ്പിലാക്കുന്നുവെന്നും ലഭിച്ച തുക മുഴുവൻ ചെലവാക്കുന്നുവെന്നും ഭാവിയിൽ ഉറപ്പു വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയും സ്റ്റാന്റിംഗ് കമ്മിറ്റികളും ആവശ്യമായ ഇടപെടൽ നടത്തേണ്ടതാണ്.

ടി.എസ്.പി.ഫണ്ട് നഷ്ടപ്പെടുത്തി

പട്ടികവർഗ വിഭാഗത്തിന്റെ വികസന ഫണ്ടിനത്തിൽ 2020-21 സാമ്പത്തിക വർഷം ലഭിച്ച 237000 രൂപ ബ്ലോക്ക് പഞ്ചായത്തിന് കീഴിലെ വില്ല്യാപ്പള്ളി, തിരുവള്ളൂർ, മണിയൂർ, ആയഞ്ചേരി ഗ്രാമപഞ്ചായത്തുകളിൽ മേൽ വിഭാഗത്തിലുള്ള ഗുണഭോക്താക്കളില്ല എന്നറിയിച്ച് സർക്കാരിലേക്ക് തിരിച്ചടച്ചു. എന്നാൽ തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷത്തെ അന്തിമ പദ്ധതി രേഖ പ്രകാരം (2011ലെ സെൻസസിനെ അടിസ്ഥാനമാക്കിയത്) ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ താഴെ കാണിച്ച പ്രകാരം 304 പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരുണ്ട്.

| ഗ്രാമ പഞ്ചായത്തിന്റെ പേര് | എസ്.ടി. വിഭാഗത്തിലുള്ളവരുടെ എണ്ണം |
|---|---|
| ആയഞ്ചേരി | 79 |
| മണിയൂർ | 94 |
| തിരുവള്ളൂർ | 56 |
| വില്ല്യാപ്പള്ളി | 75 |

പട്ടികവർഗ്ഗ വിഭാഗമുണ്ടായിട്ടും നിലവിൽ ഈയിനം ഫണ്ട് ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കാത്ത അവസ്ഥയാണുള്ളത്. മുൻ റിപ്പോർട്ടുകളിൽ ഇക്കാര്യം പരാമർശിച്ചിരുന്നെങ്കിലും ടി.എസ്.പി ഫണ്ട് ലഭിക്കാനുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

1-6 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമല്ല. രജിസ്റ്ററുകൾ കാലികമായി

തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ലോൺ രജിസ്റ്റർ 2017-18 വരെ മാത്രമേ തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ളൂ. 2019-20, 2020-21 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾക്ക് ഓഡിറ്റ് തിയ്യതി വരെ പ്രഥമ മറുപടി സമർപ്പിച്ചിട്ടില്ല. അഡ്വാൻസ് രജിസ്റ്ററിൽ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് അപൂർണമാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ അടിസ്ഥാന വിവരങ്ങളും പ്രശ്ന പരിഹാര നിർദ്ദേശങ്ങളും സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. വൗച്ചറുകൾ പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കാതിരിക്കുക, വരവ് ചെലവുകൾ യഥാസമയം സാംഖ്യയിൽ രേഖപ്പെടുത്താതിരിക്കുക, ചെലവുകൾ നടന്നതിനുശേഷം വൗച്ചറുകൾ തയ്യാറാക്കുക, മതിയായ രേഖകളില്ലാതെ പേയ്മെന്റ് നടത്തുക, തെറ്റായ ശീർഷകങ്ങളിൽ ബുക്കിംഗ് നടത്തുക, ആധികാരികതയില്ലാത്ത ബില്ലുകളെ അടിസ്ഥാനപ്പെടുത്തി ചെലവ് നടത്തുക , ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാതിരിക്കുക തുടങ്ങി അപാകതകളാണ് 2021-22 വർഷത്തിലെ വൗച്ചർ പരിശോധനയിൽ കാണുന്നത്. 2011 ലെ കേരള പഞ്ചായത്ത് അക്കൗണ്ടിംഗ് ചട്ടങ്ങൾ പാലിക്കാതെയാണ് ചെലവുകൾ നടത്തിയിട്ടുള്ളത്. ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകളാണ് മേൽ പരാമർശിച്ച അപാകതകൾക്ക് കാരണമായിട്ടുള്ളത്. അക്കൗണ്ടന്റിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ചുമതലകൾ യഥാവിധിയും കൃത്യതയോടെയും നിർവ്വഹിക്കപ്പെട്ടിട്ടില്ല. അക്കൗണ്ടന്റ് ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് സൂപ്പർവൈസറി തലത്തിലുള്ള ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്ന തരത്തിൽ ആഭ്യന്തര നിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ നിലവിലില്ലാത്തതും അപാകതകൾക്ക് കാരണമായിട്ടുണ്ട്.

## 1-7 സമഗ്ര ഇടവിളകൃഷി വികസനം (വനിത) – പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്ട് നമ്പർ - 116/21-22

അടങ്കൽ - 280500

ചെലവ് - 280500

ബിൽ നമ്പർ - 242/25.3.2022

നിർവ്വഹണം - കൃഷി അസിസ്റ്റന്റ് ഡയരക്ടർ

ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 4 ഗ്രാമ പഞ്ചായത്തുകളിലെ 51 വനിതാ ഗ്രൂപ്പുകൾക്ക് ഓരോന്നിനും 3500 രൂപയുടെ ഇടവിള കിറ്റും 2000 രൂപയുടെ ജൈവവളവും നൽകുന്നതാണ് പദ്ധതി. 500 രൂപ വീതം ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടുണ്ട്. ഇടവിള കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുകയാണ് ലക്ഷ്യം. ജൈവവളം മന്തരത്തൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വിത്തുകൾ റെയ്ഡ്കോയിൽ നിന്നുമാണ് വാങ്ങിയത്. പദ്ധതി നടത്തിപ്പിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1) 14.02.2018 ലെ സ.ഉ (കൈ) നം. 22/2018/ തസ്വഭവ ഖണ്ഡിക 6.1 പ്രകാരം വിത്തുകളും തൈകളും വിതരണം ചെയ്യുന്ന പദ്ധതികൾ ഏറ്റെടുക്കാവുന്നത് ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ നാലാം പട്ടിക പ്രകാരം ഗ്രാമീണ തലത്തിലുള്ള പദ്ധതികൾക്കാവശ്യമായ കാർഷിക നിവേശങ്ങൾ ഏർപ്പെടുത്തുക, കാർഷിക പ്രദർശനങ്ങൾ നടത്തുക, ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ വരുന്ന നീർമറികൾ പരിപാലിക്കുക ,പട്ടുനൂൽ കൃഷി പ്രോത്സാഹിപ്പിക്കുക എന്നിവയാണ് കാർഷിക മേഖലയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകൾ.

2) 178500 രൂപ ചെലവഴിച്ച് റെയ്ഡ്കോയിൽ നിന്ന് 51 ഇടവിള കിറ്റുകൾ വാങ്ങിയിട്ടുണ്ട്. കിറ്റിൽ എന്തൊക്കെ വിത്തുകളാണുള്ളതെന്ന് പ്രൊജക്ടിലോ റെയ്ഡ്കോയുടെ ഇൻവോയ്സിലോ രേഖപ്പെടുത്തിയിട്ടില്ല. ഓരോ ഇനം വിത്തിന്റെയും വില വ്യക്തമാക്കുന്ന റെയ്ഡ്കോയുടെ ഒറിജിനൽ ബിൽ ഫയലിലില്ല. കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, വി.എഫ്.പി.സി.കെ എന്നീ സ്ഥാപനങ്ങളെ ഒഴിവാക്കി റെയ്ഡകോയിൽ നിന്ന് സാധനങ്ങൾ വാങ്ങിയതിന്റെ മാനദണ്ഡം വ്യക്തമല്ല. വിവിധ സ്ഥാപനങ്ങളിലെ വിത്തുകളുടെ വില, ഗുണനിലവാരം എന്നിവയുടെ താരതമ്യം നടത്തിയിട്ടില്ല. വിത്തുകൾ റെയ്ഡ്കോ

ഉൽപാദിപ്പിച്ചവയാണെന്നതിനുള്ള സാക്ഷ്യപത്രം ഫയലിലില്ല.

3) സ.ഉ(കൈ) നം.11/2018 തസ്വഭവ ,തീ.29.01.2018 ഖണ്ഡിക 6.3 പ്രകാരം വനിതകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തുന്നതിന് ഒരു വനിതാ ഘടക പദ്ധതി എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും തയ്യാറാക്കേണ്ടതാണ്. സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാഘടക പദ്ധതിയിൽ ലക്ഷ്യമിടേണ്ടത്. വനിതകൾക്കും പുരുഷന്മാർക്കും ഒരു പോലെ പ്രയോജനം ലഭിക്കുന്ന പ്രൊജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ല. എന്നാൽ മേൽപ്പറഞ്ഞ കാർഷിക മേഖലയിലെ പ്രൊജക്ട് വനിതാ ഘടക പദ്ധതിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വനിതാ ഘടക പദ്ധതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാതെ കാർഷിക മേഖലയിലെ പദ്ധതികൾ വനിതാഘടക പദ്ധതിയിലുൾപ്പെടുത്തിയ നടപടി സർക്കാർ മാർഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് കൃഷി അസിസ്റ്റന്റ് ഡയറക്ടർ നൽകിയ മറുപടിയിൽ സർക്കാർ ലക്ഷ്യമാക്കിയ കാർഷിക മുന്നേറ്റം നേടികൊടുക്കുന്നതിന് വനിതകളുടെ ഗ്രൂപ്പുകൾക്ക് വേണ്ടി ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ പദ്ധതിയാണെന്ന് അറിയിച്ചിട്ടുണ്ട്. ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ അപാകതകൾക്ക് വ്യക്തമായ മറുപടി ലഭിച്ചിട്ടില്ല. അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

1-8 സ്വതന്ത്ര സോഫ്റ്റ്‌വെയർ നീക്കം ചെയ്ത് വ്യാജ ഒ.എസ് ഇൻസ്റ്റാൾ ചെയ്തു.

വി.ഇ.ഒ മാർക്കുള്ള 8 ലാപ് ടോപ്പുകളിൽ നിന്നും ലിനക്സ് നീക്കം ചെയ്ത് വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം ഇൻസ്റ്റാൾ ചെയ്തതിന് ഹോം ടെക് എന്ന സ്ഥാപനത്തിന് 3600 രൂപ 22100043 വൗച്ചർ മുഖേന സെക്രട്ടറി നൽകിയിട്ടുണ്ട്. വി.ഇ.ഒ മാർ ലോക്കൽ സെർവ്വർ അധിഷ്ഠിതമായ സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കാത്തതിനാൽ വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം അനിവാര്യമല്ലായിരുന്നു എന്നത് വ്യക്തമാണ്. ലാപ് ടോപ് ഭൗതിക പരിശോധന നടത്തിയതിൽ ലൈസൻസില്ലാത്ത ഒ.എസ്, തേർഡ് പാർട്ടി സോഫ്റ്റ്‌വെയറുകൾ എന്നിവ വിന്യസിച്ചതായി ബോധ്യപ്പെട്ടിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ 24.09.2010 തിയ്യതിയിലെ 86/2010/ധന നമ്പർ സർക്കുലർ, വിവര സാങ്കേതികാവിദ്യ (ഐടി സെൽ) വകുപ്പിന്റെ 21.07.2016 തിയ്യതിയിലെ ഐ.ടി സെൽ-2/701/2015/ ഐ.ടി.ഡി എന്നീ സർക്കുലറുകൾ പ്രകാരം ശരിയായ ലൈസൻസ് ഇല്ലാത്തതോ, നിയമവിരുദ്ധമായി വിതരണം ചെയ്യുന്നതോ, അനധികൃതമായി പുനസൃഷ്ടിക്കുന്നതോ ആയ സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം കർശനമായി നിരോധിച്ചിട്ടുള്ളതാണ്. സർക്കാർ ഓഫീസുകളിലെ വ്യാജ സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം നിയമലംഘനം മാത്രമല്ല, സർക്കാരിന്റെ വിവിധ വിവരസാങ്കേതിക ആസ്തികളെ സുരക്ഷാ ഭീഷണിയിലേക്ക് തള്ളിവിടുകയാണ് ചെയ്യുന്നത്. നിയമാനുസൃതമായ അപ്ഡേറ്റുകൾ വ്യാജ സോഫ്റ്റ്‌വെയറുകൾക്ക് ലഭ്യമാകാത്തതിനാൽ സോഫ്റ്റ്‌വെയർ കാലികമാകാതിരിക്കുകയും അപാകതകൾ മുതലെടുത്ത് ഉപഭോക്താക്കളുടെ അറിവില്ലാതെ തന്നെ സർക്കാർ/വ്യക്തിഗത വിവരങ്ങൾ, റിപ്പോർട്ടുകൾ എന്നിവ സൈബർ അക്രമികൾ കൈക്കലാക്കി ദുരുപയോഗം ചെയ്യാനും സാധ്യത നിലനിൽക്കുന്നു.

അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഐ.കെ.എം. ടെക്നിക്കൽ എക്സ്പേർട്ടിന്റെ സേവനം ഉപയോഗപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തിലും ഘടകസ്ഥാപനങ്ങളിലും വിന്യസിച്ചിട്ടുള്ള കമ്പ്യൂട്ടറുകളിലും ലാപ്ടോപ്പുകളിലും അനധികൃത സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നുണ്ടോ എന്നത് പരിശോധിച്ച് ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്. അനധികൃത ഓപ്പറേറ്റിംഗ് സിസ്റ്റം വിന്യസിക്കുന്നതിന് നടപടി സ്വീകരിച്ച സെക്രട്ടറിയിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുകയായ 3600 രൂപ നിരാകരിക്കുന്നു.

1-9 അധികാര പരിധിക്ക് പുറത്തുള്ള ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകി.

ചെലവ് തുക 11200

ഫണ്ടിനം ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ബിൽ നമ്പർ 194 തീയതി 24.02.2022

സെക്രട്ടറി നിർവ്വഹണം നടത്തിയ തുടർ സാക്ഷരതാ പഠിതാക്കൾക്ക് ഫീസ് ആനുകൂല്യം ( പ്രോജക്ട് നമ്പർ 6, 54 ) എന്ന പദ്ധതികൾ പ്രകാരം 123750 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി ഫയൽ പരിശോധിച്ചതിൽ പത്താംതരം തുല്യതാ പഠിതാക്കളായ വിജീഷ്.കെ.പി, ബിജിത.എം.പി.കെ എന്നിവർ വടകര ബ്ലോക്ക് പഞ്ചായത്ത് പരിധിയിലും ഹയർ സെക്കണ്ടറി തുല്യതാ കോഴ്സ് പഠിതാക്കളായ സൽമ പി.ടി., ശ്യാം ജിത്ത്.ടി , വിപിൻ ലാൽ.എൻ, എന്നിവർ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ താമസക്കാരുമാണ്. ചെലവ് തുകയിൽ 11200 രൂപ മേൽ പഠിതാക്കൾക്കായാണ് ചെലവഴിച്ചിട്ടുള്ളത്. തുടർ സാക്ഷരതാ കോഴ്സിന്റെ പത്ര പരസ്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ താമസക്കാരായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. ഇക്കാരണത്താലാണ് ബ്ലോക്ക് പഞ്ചായത്ത് പരിധിക്ക് പുറത്തുള്ള പഠിതാക്കളും തോടന്നൂർ ബ്ലോക്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. വടകര, പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തുകളും അതിൻ കീഴിലുള്ള ഗ്രാമപഞ്ചായത്തുകളും സാക്ഷരതാ പഠിതാക്കൾക്കുള്ള കോഴ്സ് ഫീ, പരീക്ഷാ ഫീ എന്നിവ അടവാക്കുന്നതിന് പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. തോടന്നൂർ ബ്ലോക്കിന് കീഴിലുള്ള ഗ്രാമപഞ്ചായത്തുകളും സമാനമായ കോഴ്സും പദ്ധതിയും ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിലും ബ്ലോക്ക് പഞ്ചായത്ത് പദ്ധതി ഏറ്റെടുത്ത് നടത്താനിടയായ സാഹചര്യം വിശദീകരിക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് . ഗ്രാമസഭയുടെ അംഗീകാരമില്ലാതെയും സ്ഥാപനത്തിന്റെ അധികാരപരിധിക്ക് പുറത്തുള്ളവരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തതും ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവ് തുകയായ 11200 തടസ്സപ്പെടുത്തുന്നു.

1-10 CDPO നിർവഹണം നടത്തിയ പദ്ധതി- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ 44 | പ്രോജക്ട് നമ്പർ 45 |
| ഭിന്നശേഷിക്കാർക്ക് ഉപകരണം നൽകൽ | കേൾവിക്കുറവ് ഉള്ളവർക്ക് ശ്രുവണ സഹായി |
| അടങ്കൽ 203099 | അടങ്കൽ 487200 |
| ചെലവ് 203099 | ചെലവ് 487200 |
| ഫണ്ടിനം - വികസന ഫണ്ട്<br>പൊതുവിഭാഗം<br>സാധാരണ വിഹിതം | ഫണ്ടിനം - വികസന ഫണ്ട്<br>പൊതുവിഭാഗം<br>സാധാരണ വിഹിതം |

സി.ഡി.പി.ഒ.നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടുകൾ പ്രകാരം ഭിന്നശേഷിക്കാർക്ക് വീൽചെയർ(ഉദാ: മോഡുലാർ ഷൂസ്, Walker Crutches, കേൾവിക്കുറവുള്ളവർക്ക് ശ്രുവണസഹായി എന്നിവ മെഡിക്കൽ ക്യാമ്പ് നടത്തി വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ) നം.22/2018 തസ്വഭവ, തിരുവനന്തപുരം തീയതി 14.02.2018 ഖ 7.1.3 (5) പ്രകാരം പല തദ്ദേശ ഭരണ സ്ഥാപനങ്ങളും മറ്റു പല ഏജൻസികളും വർഷങ്ങളായി ഉപകരണങ്ങൾ നല്കിക്കൊണ്ടിരിക്കുന്നുണ്ട്. ആയതിനാൽ ഉപകരണം ഉള്ളവർക്ക് തന്നെ അതേ ഉപകരണം വീണ്ടും നൽകാതിരിക്കുവാൻ വേണ്ട

കർശന മുൻകരുതലുകൾ സ്വീകരിക്കേണ്ടതുണ്ട് എന്ന് നിഷ്കർഷിക്കുന്നു. മേൽ പ്രോജക്ടുകൾ നടപ്പിലാക്കിയപ്പോൾ ഈ മുൻകരുതൽ സ്വീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. സ്ഥാപനത്തിൽ നിന്നും ഉപകരണങ്ങൾ വിതരണം ചെയ്തപ്പോൾ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഉപകരണങ്ങൾ ലഭിച്ചവർക്ക് തന്നെ അതേ ഉപകരണം വീണ്ടും നൽകാതിരിക്കുവാൻ സ്വീകരിച്ച നടപടികൾ രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്.

### 1-11 ജനകീയ ഹോട്ടലിന് സഹായം- സർക്കാർ നിർദ്ദേശം പാലിച്ചില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ ജനകീയ ഹോട്ടലിന് സഹായം നൽകൽ എന്ന പദ്ധതി പ്രകാരം 20000 രൂപ വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും, 10965 രൂപ തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും ബി.ഡി.ഒ കൈമാറിയിട്ടുണ്ട്. 6/3/20 തിയ്യതിയിലെ സ.ഉ(കൈ).നം.45/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക 1.6 പ്രകാരം ജനകീയ ഹോട്ടൽ സംരംഭങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്തുകൾക്ക് 20000 രൂപ നിരക്കിൽ റിവോൾവിംഗ് ഫണ്ട് അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ധനസഹായം എന്ന നിലയിലാണ് മേൽ തുക വിതരണം ചെയ്തിട്ടുള്ളത്. തുക സംരംഭകർക്ക് കൈമാറുന്നതിന് പകരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് കൈമാറിയതിന്റെ കാരണം വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുകയുടെ വിനിയോഗ വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ധനസഹായം റിവോൾവിംഗ് ഫണ്ടാക്കി മാറ്റി തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-12 വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ കൊഴക്കുതാഴെകുന്ന് കുടിവെള്ള പദ്ധതി ബ്ലോക്ക് വിഹിതം നൽകൽ എന്ന പദ്ധതി പ്രകാരം (പ്രോജക്ട് നമ്പർ 56/22) ധനകാര്യ കമ്മീഷൻ ഗ്രാന്റായ 1000000 രൂപ തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. (ബിൽ നമ്പർ 244/25.03.22) കൈമാറിയ തുകയുടെ വിനിയോഗ വിവരങ്ങളും പദ്ധതിയുടെ തത്സ്ഥിതി വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മേൽ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതി പ്രകാരം കൈമാറിയ തുകയുടെ വിനിയോഗം ഉറപ്പ് വരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പദ്ധതിയുടെ പൂർത്തീകരണം നിരീക്ഷിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പും വീഴ്ച വരുത്തിയിട്ടുണ്ട്. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും വിനിയോഗ വിവരം, പദ്ധതിയുടെ തത്സ്ഥിതി വിവരങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

### 1-13 ചെലവുകൾ സാംഖ്യയിൽ രേഖപ്പെടുത്തുന്നതിൽ കാലതാമസം

2021-22 വർഷത്തെ തനത് ഫണ്ട് ചെലവ് വൗച്ചറുകൾ പരിശോധിച്ചതിൽ നിന്നും ചെലവുകൾ നിർവ്വഹിച്ചതിന് ശേഷം വൗച്ചറുകൾ ജനറേറ്റ് ചെയ്യുന്ന പ്രവണത സ്ഥാപനത്തിൽ നിലനിൽക്കുന്നുണ്ടെന്ന് ബോധ്യപ്പെട്ടു. ചെലവുകൾ ചെക്ക് മുഖേന നിർവ്വഹിച്ച് പിന്നീട് മാസങ്ങൾക്ക് ശേഷം സാംഖ്യയിൽ വൗച്ചറുകൾ ജനറേറ്റ് ചെയ്യുന്ന രീതിയാണ് സ്ഥാപനം സ്വീകരിച്ചിട്ടുള്ളത്. ഇക്കാരണത്താൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രതിമാസ സാമ്പത്തിക അവലോകനം/മോണിറ്ററിംഗ് , അക്കൗണ്ടുകൾ പൊരുത്തപ്പെടുത്തൽ എന്നീ നടപടികൾ സാധ്യമാവാതെ വരുന്നു. ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

Vr. 22100048 Dt. 01.09.2021 വൗച്ചർ മുഖേനയുള്ള 3630 രൂപയുടെ ചെലവുകൾ 03.04.2021 ലെ 6458083 ചെക്ക് മുഖേന നിർവ്വഹിച്ചതാണ്. എന്നാൽ മേൽ ചെലവ് സംബന്ധിച്ച വൗച്ചർ സാംഖ്യയിൽ ജനറേറ്റ് ചെയ്തത് ഏകദേശം അഞ്ച് മാസങ്ങൾക്ക് ശേഷമാണ്. മതിയായ വൗച്ചറുകളില്ലാതെ ചെക്ക് മുഖേന ചെലവ് നടത്തിയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

വൗച്ചറുകൾ പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കാതിരിക്കുക, വരവ് ചെലവുകൾ യഥാസമയം സാംഖ്യയിൽ രേഖപ്പെടുത്താതിരിക്കുക, ചെലവുകൾ നടന്നതിനുശേഷം വൗച്ചറുകൾ തയ്യാറാക്കുക, മതിയായ രേഖകളില്ലാതെ പേയ്മെന്റ് നടത്തുക, തെറ്റായ ശീർഷകങ്ങളിൽ ബുക്കിംഗ് നടത്തുക , ആധികാരികതയില്ലാത്ത ബില്ലുകളെ അടിസ്ഥാനപ്പെടുത്തി ചെലവ് നടത്തുക , ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാതിരിക്കുക തുടങ്ങി അപാകതകളാണ് 2021-22 വർഷത്തിലെ വൗച്ചർ പരിശോധനയിൽ കാണുന്നത്. 2011 ലെ കേരള പഞ്ചായത്ത് അക്കൗണ്ടിംഗ് ചട്ടങ്ങൾ പാലിക്കാതെയാണ് ചെലവുകൾ നടത്തിയിട്ടുള്ളത്. ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകളാണ് മേൽ പരാമർശിച്ച അപാകതകൾക്ക് കാരണമായിട്ടുള്ളത്. അക്കൗണ്ടന്റിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ചുമതലകൾ യഥാവിധിയും കൃത്യതയോടെയും നിർവ്വഹിക്കപ്പെട്ടിട്ടില്ല. അക്കൗണ്ടന്റ് ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് സൂപ്പർവൈസറി തലത്തിലുള്ള ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്ന തരത്തിൽ ആഭ്യന്തര നിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ നിലവിലില്ലാത്തതും അപാകതകൾക്ക് കാരണമായിട്ടുണ്ട്. ചെലവുകളുടെ ആധികാരികതയും കൃത്യതയും ഉറപ്പ് വരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽ പരാമർശിച്ച തരം അപാകതകൾ നിലനിൽക്കെ തന്നെ ചെലവുകൾക്ക് അംഗീകാരം നൽകിയതായും കാണുന്നു.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സാംഖ്യയിൽ രേഖപ്പെടുത്താതെ ഇടപാടുകൾ നടത്തുന്ന രീതി അവസാനിപ്പിക്കേണ്ടതും അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

### 1-14 തനത് ഫണ്ട് വിനിയോഗത്തിലെ അപാകതകൾ

2021-22 വർഷത്തെ തനത് ഫണ്ട് വിനിയോഗ വൗച്ചറുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ സ്ഥാപനത്തിൽ നിലനിൽക്കുന്നതായി കാണുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

1. മുൻകൂർ ക്രമീകരിച്ചില്ല.

വൗച്ചർ നമ്പർ 22100112 പ്രകാരം 6000 രൂപ ഗീത.കെ.എം എക്സ്റ്റൻഷൻ ഓഫീസർക്ക് കില ട്രെയിനിംഗ് ചെലവുകൾ നിർവ്വഹിക്കുന്നതിനായി മുൻകൂർ അനുവദിച്ചിട്ടുണ്ട്. മേൽ ചെലവ് ഓഡിറ്റ് തിയ്യതി വരെയും ക്രമീകരിച്ചിട്ടില്ല. ചെലവ് സംബന്ധിച്ച വിവരം മുൻകൂർ രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഇക്കാരണത്താൽ തന്നെ മുൻകൂറായി അനുവദിച്ച തുക ക്രമീകരിക്കപ്പെട്ടു എന്നത് ഉറപ്പ് വരുത്തുന്നതിനാവശ്യമായ ആഭ്യന്തര നിയന്ത്രണ സംവിധാനം ഇല്ലാതായി. തുക അടിയന്തിരമായി ക്രമീകരിച്ച് ചെലവ് വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. പ്രിന്റിംഗ് ജോലികൾ ലാഭകരമായില്ല.

വൗച്ചർ നമ്പർ 22100115 പ്രകാരം ബജറ്റ് പ്രിന്റ് ചെയ്യുന്നതിന് 7425 രൂപ മിനി ഓഫ്സെറ്റ് പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സ്ഥാപനം നടപ്പ് വർഷത്തിൽ നടത്തിയ മറ്റ് പ്രിന്റിംഗ് ജോലികളേക്കാൾ അധികരിച്ച നിരക്കിലാണ് ടിയാന് ബിൽ അനുവദിച്ചിട്ടുള്ളത്. 80 GSM ൽ താഴെയുള്ള എ4 പേപ്പറിലാണ് ബജറ്റ് പ്രിന്റ് ചെയ്തിട്ടുള്ളത്. കവർ പേജ് ഒഴികെ പതിനാറ് പേജുകളും ബ്ലാക്ക് & വൈറ്റ് ആയാണ് പ്രിന്റ് ചെയ്തിട്ടുള്ളത്. പേജ് ഒന്നിന് 8.7 രൂപ നിരക്കിലാണ് ചെലവഴിച്ചിട്ടുള്ളത്. ക്വട്ടേഷൻ രേഖകളും ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഒരു വർഷത്തെ പ്രിന്റിംഗ് സേവനങ്ങൾ മുൻകൂറായി നിരക്കടിസ്ഥാനത്തിൽ സമാഹരിക്കുന്നതിന് പകരം ഓരോ ഘട്ടത്തിലും ക്വട്ടേഷൻ നടപടിയിലൂടെ സേവനം സമാഹരിച്ചത് സ്ഥാപനത്തിന് ലാഭകരമായിട്ടില്ല. ഓരോ തവണയും വ്യത്യസ്ത നിരക്കിലാണ് സ്ഥാപനങ്ങൾ നിരക്ക് ക്വാട്ട് ചെയ്തിട്ടുള്ളതെന്നതും പ്രസക്തമാണ്. ലിപി ഓഫ്സെറ്റ് തോടന്നൂർ എന്ന സ്ഥാപനത്തിൽ നിന്നും പൗരാവകാശരേഖ പ്രസിദ്ധീകരിച്ചതിന് പേജ് ഒന്നിന് 2.43 രൂപയും ഭാവന ഓഫ്സെറ്റ് വടകര എന്ന സ്ഥാപനത്തിൽ നിന്നും ലെറ്റർ പാഡ് (2 കളർ)

പ്രസിദ്ധീകരിച്ചതിന് പേജ് ഒന്നിന് 2.34 രൂപയും നിരക്കിലാണ് സേവനം സമാഹരിച്ചിട്ടുള്ളത്. അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

3. ബാറ്ററി മാറ്റിയതിന്റെ ചെലവ് തുക ഡ്രൈവർക്ക് അനുവദിച്ചു.

വൗച്ചർ നമ്പർ 22100173 പ്രകാരം KL 18 H 9009 നമ്പർ വാഹനത്തിന്റെ ബാറ്ററി മാറ്റിയ ഇനത്തിൽ ഡ്രൈവർ ബൈജേഷ്.സി.എം ന്റെ അക്കൗണ്ടിലേക്ക് 4900/-രൂപ അനുവദിച്ചിട്ടുണ്ട്. ക്വട്ടേഷൻ നടപടിയിലൂടെ ബാറ്ററി വേൾഡ്, ആയഞ്ചേരി എന്ന സ്ഥാപനത്തിൽ നിന്നുമാണ് 4900 രൂപക്ക് ബാറ്ററി വാങ്ങിയത്. തുക സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് അനുവദിക്കാതെ ഡ്രൈവറുടെ അക്കൗണ്ടിലേക്ക് അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുകൾ സേവനദാതാക്കൾക്ക് നൽകുന്നതിന് പകരം ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാരുടെ പേരിൽ അനുവദിക്കുന്ന പ്രവണത സ്ഥാപനത്തിൽ ധാരാളമായി കണ്ടെത്തിയിട്ടുണ്ട്.

4. ജീവനക്കാരുടെ അവധി ദിവസങ്ങളിൽ പകരം നിയമനം നടത്തുന്നു.

ടൈപ്പിസ്റ്റ്, ഡ്രൈവർ, പി.ടി.എസ് എന്നിവർ അവധിയാകുന്ന ദിവസങ്ങളിൽ പകരം ജീവനക്കാരെ നിയോഗിക്കുന്ന പ്രവണത സ്ഥാപനത്തിൽ നിലനിൽക്കുന്നു. ഉദാ- 8.2.21 തിയ്യതിയിൽ ടൈപ്പിസ്റ്റ് ആകസ്മിക അവധിയായ ദിവസം പകരം ടൈപ്പിസ്റ്റായി ചന്ദ്രൻ.കെ.എം എന്നവരെ നിയമിച്ച് വേതനം നൽകി. മറ്റൊരു അവസരത്തിൽ ടിയാനെ തന്നെ മൂന്ന്, പതിമൂന്ന് ദിവസങ്ങളിലേക്കും താത്കാലിക നിയമനം നടത്തി വേതനം അനുവദിച്ചിട്ടുണ്ട്. സർക്കാർ അനുമതിയില്ലാതെ ഇപ്രകാരം ജീവനക്കാർക്ക് പകരം ആളുകളെ നിയമിക്കുന്നതും വേതനം നൽകുന്നതും ശരിയായ പ്രവണതയല്ല.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുകൾ അധികൃതമാക്കുന്നതിനും നിയന്ത്രിക്കുന്നതിനും ചുമതലപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചുമതലാപരമായ പങ്ക് വഹിക്കുന്നതിലുള്ള വീഴ്ചയാണ് അപാകതകൾക്ക് കാരണമായിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

1-15 ക്ഷീര വികസനം/മൃഗ സംരക്ഷണം- ചുമതലകൾ നിറവേറ്റപ്പെടുന്നില്ല

ഡയറി എക്സ്റ്റൻഷൻ ഓഫീസർ 2021-22 വർഷത്തിൽ നിർവ്വഹണം നടത്തിയ പദ്ധതികൾ പരിശോധിച്ചതിൽ നിന്നും കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 166 പട്ടിക 4 പ്രകാരം ക്ഷീര വികസനം, മൃഗസംരക്ഷണം എന്നീ ചുമതലകളുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് സഹായകമാകുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ടെന്ന് കാണുന്നു. ക്ഷീര വികസനം, മൃഗസംരക്ഷണം എന്നീ മേഖലകളുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

- വെറ്ററിനറി പോളി ക്ലിനിക്കുകളും മേഖലാ കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളും നടത്തുക.
- മൃഗസംരക്ഷണത്തിൽ വിദഗദ്ധ സേനം നൽകുക.
- കന്നുകാലി-കോഴി പ്രദർശനങ്ങൾ നടത്തുക

കഴിഞ്ഞ 5 വർഷ കാലയളവിൽ ബ്ലോക്ക് പഞ്ചായത്ത് ക്ഷീര വികസനം, മൃഗസംരക്ഷണം എന്നീ മേഖലയിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തുകൾ മുഖ്യ പങ്കാളിയായി ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പദ്ധതികൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമാക്കുന്നതിനുള്ള പദ്ധതികളാണ് ഏറ്റെടുത്ത് നടത്തിയിട്ടുള്ളത് എന്നത് വ്യക്തമാകുന്നു. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 166 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് മേഖലയിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള പദ്ധതികളുടെ അഭാവം മൂലം ഗ്രാമപഞ്ചായത്ത് തലത്തിൽ നിർവ്വഹിക്കപ്പെടുന്ന പദ്ധതികളുടെ നിർവ്വഹണത്തിന് സഹായകമാകുന്ന

തരത്തിലുള്ള മുൻപിൻ ബന്ധം സാധ്യമാകുന്നില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ നിന്നുമുള്ള പിൻവാങ്ങൽ ഗ്രാമപഞ്ചായത്ത് തലത്തിലെ പദ്ധതികളുടെ നിർവ്വഹണത്തിൽ നൂതന സാങ്കേതിക വിദ്യ, അത്യുൽപാദന ശേഷിയുള്ള കന്നുകാലികളുടെ അവതരണം എന്നീ ഘടകങ്ങളുടെ പ്രയോഗം സാധ്യമാകാത്ത സ്ഥിതി വിശേഷമുണ്ടാകുന്നു.

ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് സഹായകമാകുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതും ആയത് ഗ്രാമപഞ്ചായത്ത് പദ്ധതികൾക്ക് അനുപൂരകമാകുകയും മുൻ ബന്ധം ഉറപ്പാക്കേണ്ടതുമാണ്.

1-16 അസിസ്റ്റന്റ് എഞ്ചിനീയർ ഭാഗികമായി പദ്ധതികൾ രൂപീകരിച്ച് നിർവ്വഹിക്കുന്നു.

1) തെയ്യത്തും കണ്ടി മുക്ക് മുവനക്കണ്ടി റോഡ് പ്രവൃത്തി - അപാകതകൾ

പ്രോജക്റ്റ് നം - 59/21-22

നിർവ്വഹണം- അസിസ്റ്റന്റ് എഞ്ചിനീയർ

വകയിരുത്തിയ തുക- 500000/- (CFC)

ചെലവഴിച്ച തുക – 500000/-

ബിൽ നമ്പർ - 264/26-03-22 , Rs. 4753/-

3 മീറ്റർ വീതിയിൽ 69.5 മീറ്റർ നീളത്തിൽ ടാർ റോഡും റോഡിന് ഇരുവശത്തും ഐറിഷ് ഡ്രൈനും നിർമ്മിക്കുന്നതിനും റോഡിന്റെ ഒരു വശം 68.9 മീറ്റർ നീളത്തിൽ 60cm ഡെപ്ത് ഉള്ള ഡ്രൈനേജ് നിർമ്മിക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി പ്രകാരം നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയുടെ സ്ഥല പരിശോധന 26-12-22 ന് നടത്തിയപ്പോൾ, പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായും ഗുണഭോക്താക്കൾക്ക് അനുഭവഭേദ്യമാവാതെയും ഭാഗികമായാണ് റോഡ് നിർമ്മിച്ചിരിക്കുന്നത് എന്ന് കണ്ടു. ആകെ നിർമ്മിച്ച 69.5 മീറ്റർ റോഡ് കഴിഞ്ഞുള്ള ഭാഗം കാൽനട പോലും ബുദ്ധിമുട്ടായതും ഫോർവീലർ പോവാൻ തക്ക സൗകര്യമില്ലാത്തതുമായ വഴിയാണ്. ഇപ്രകാരം മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി ഭാഗികമായി ആസൂത്രണം ചെയ്ത് രൂപീകരിക്കുകയും തുക ചെലവഴിക്കുകയും ചെയ്തതിന് മറുപടി നൽകേണ്ടതാണ്. കൂടാതെ പദ്ധതിയിൽ നിർമ്മിച്ച ഡ്രൈനേജ് ഡോസർ ഉപയോഗിച്ച് മണ്ണ് എക്സ്കവേറ്റ് ചെയ്താണ് നിർമ്മിച്ചത്. മണ്ണ് കുഴിച്ചെടുത്ത അതേ വീതിയിലും നീളത്തിലും തന്നെ ഡ്രൈനേജ് സൈഡിനായി കോൺക്രീറ്റ് ചെയ്തു. ഇതിനാൽ ഡ്രൈനേജിനടിയിലെ (Bed For Drainage) PCC ചെയ്യുന്നതിന് ഫോം വർക്ക് ആവശ്യമായി വന്നിട്ടില്ല. എന്നാൽ 4% ഫോം വർക്ക് ഉൾപ്പെടുന്ന ഡാറ്റയായ 11.4.1.1 പ്രകാരം ഫോം വർക്ക് ഉൾപ്പെടെയുള്ള നിരക്കിലാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ബിൽ തയ്യാറാക്കുന്നതിന് പരിഗണിച്ചിട്ടുള്ളത്. ആകെ 8.81 M3 ഉള്ള ഈ പ്രവൃത്തിയ്ക്ക് ഡാറ്റ പ്രകാരം ഒരു M3ന് 7026.68/-രൂപയാണ് നിരക്കുള്ളത്. ഇതിന്റെ 4% ഫോം വർക്കിനാണ്. ഇത് യഥാർത്ഥത്തിൽ ചെലവ് വന്നിട്ടില്ല. ചെയ്യാത്ത ഫോം വർക്കിനും കൂടി നിരക്ക് നൽകിയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്. ഭാഗികമായി പദ്ധതി നടപ്പാക്കിയതിനാൽ ചെലവ് തുക 500000/-രൂപ തടസ്സപ്പെടുത്തുന്നു.

2) വാഴേരി പൊയിൽ കപ്രത്ത്പാറ റോഡ്

പ്രോജക്റ്റ് നം -95/22

വകയിരുത്തിയ തുക- 500000/- (CFC)

ചെലവഴിച്ച തുക – 430828/-

ബിൽ നമ്പർ - / 206/11.03.2022

61.7 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലും ടാർ ചെയ്യുന്നതിനും 24 മീറ്റർ നീളത്തിൽ കോൺക്രീറ്റ് ചെയ്യുന്നതിനുമാണ് പദ്ധതി രൂപകൽപ്പന ചെയ്തതും നടപ്പിലാക്കിയതും . എന്നാൽ 26-12-22 ന് നടത്തിയ

സ്ഥലപരിശോധനയിൽ പ്രസ്തുത നിർമ്മാണം നടത്തിയ റോഡ് കഴിഞ്ഞ് ഏകദേശം 35 മീറ്ററോളം ഭാഗം കഴിഞ്ഞ് കണക്റ്റിംഗ് റോഡ് ഉണ്ട്. എന്നാൽ ഈ റോഡുകൾ ബന്ധിപ്പിക്കുന്ന ഭാഗം പാറയാണ്. ഇതിലൂടെ വാഹനത്തിന് പോവാൻ സാധിക്കുകയില്ല. 2022-23 ൽ ഈ റോഡ് പൂർത്തീകരണത്തിനായി പദ്ധതി വിഭാവനം ചെയ്തിട്ടില്ല. പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഭാഗികമായാണ് പദ്ധതി ആസൂത്രണവും നിർമ്മാണവും നടത്തിയിരിക്കുന്നത്. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സ്വതന്ത്ര സോഫ്റ്റ്‌വെയർ നീക്കം ചെയ്ത് വ്യാജ ഒ.എസ് ഇൻസ്റ്റാൾ ചെയ്തു.

വി.ഇ.ഒ മാർക്കുള്ള 8 ലാപ് ടോപ്പുകളിൽ നിന്നും ലിനക്സ് നീക്കം ചെയ്ത് വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം ഇൻസ്റ്റാൾ ചെയ്തതിന് ഹോം ടെക് എന്ന സ്ഥാപനത്തിന് 3600 രൂപ 22100043 വൗച്ചർ മുഖേന സെക്രട്ടറി നൽകിയിട്ടുണ്ട്. വി.ഇ.ഒ മാർ ലോക്കൽ സെർവ്വർ അധിഷ്ഠിതമായ സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കാത്തതിനാൽ വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം അനിവാര്യമല്ലായിരുന്നു എന്നത് വ്യക്തമാണ്. ലാപ് ടോപ് ഭൗതിക പരിശോധന നടത്തിയതിൽ ലൈസൻസില്ലാത്ത ഒ.എസ്, തേർഡ് പാർട്ടി സോഫ്റ്റ്‌വെയറുകൾ എന്നിവ വിന്യസിച്ചതായി ബോധ്യപ്പെട്ടിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ 24.09.2010 തിയ്യതിയിലെ 86/2010/ധന നമ്പർ സർക്കുലർ, വിവര സാങ്കേതികാവിദ്യ (ഐടി സെൽ) വകുപ്പിന്റെ 21.07.2016 തിയ്യതിയിലെ ഐ.ടി സെൽ-2/701/2015/ ഐ.ടി.ഡി എന്നീ സർക്കുലറുകൾ പ്രകാരം ശരിയായ ലൈസൻസ് ഇല്ലാത്തതോ , നിയമവിരുദ്ധമായി വിതരണം ചെയ്യുന്നതോ, അനധികൃതമായി പുനസൃഷ്ടിക്കുന്നതോ ആയ സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം കർശനമായി നിരോധിച്ചിട്ടുള്ളതാണ്. സർക്കാർ ഓഫീസുകളിലെ വ്യാജ സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം നിയമലംഘനം മാത്രമല്ല , സർക്കാരിന്റെ വിവിധ വിവരസാങ്കേതിക ആസ്തികളെ സുരക്ഷാ ഭീഷണിയിലേക്ക് തള്ളിവിടുകയാണ് ചെയ്യുന്നത്. നിയമാനുസൃതമായ അപ്ഡേറ്റുകൾ വ്യാജ സോഫ്റ്റ്‌വെയറുകൾക്ക് ലഭ്യമാകാത്തതിനാൽ സോഫ്റ്റ്‌വെയർ കാലികമാകാതിരിക്കുകയും അപാകതകൾ മുതലെടുത്ത് ഉപഭോക്താക്കളുടെ അറിവില്ലാതെ തന്നെ സർക്കാർ/വ്യക്തിഗത വിവരങ്ങൾ , റിപ്പോർട്ടുകൾ എന്നിവ സൈബർ അക്രമികൾ കൈക്കലാക്കി ദുരുപയോഗം ചെയ്യാനും സാധ്യത നിലനിൽക്കുന്നു.

അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഐ.കെ.എം ടെക്നിക്കൽ എക്സ്പേർട്ടിന്റെ സേവനം ഉപയോഗപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തിലും ഘടകസ്ഥാപനങ്ങളിലും വിന്യസിച്ചിട്ടുള്ള കമ്പ്യൂട്ടറുകളിലും ലാപ്ടോപുകളിലും അനധികൃത സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നുണ്ടോ എന്നത് പരിശോധിച്ച് ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്. അനധികൃത ഓപ്പറേറ്റിംഗ് സിസ്റ്റം വിന്യസിക്കുന്നതിന് നടപടി സ്വീകരിച്ച സെക്രട്ടറിയിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുകയായ 3600 രൂപ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | ഓഡിറ്റ് കാലയളവ് | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 2450000 | പി.എം.എ.വൈ(ജി) ലൈഫ് പദ്ധതി ജനറൽ | 1078000 | 1372000 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 588000 | പി.എം.എ.വൈ(ജി) ലൈഫ് പദ്ധതി എസ്.സി | 98000 | 490000 |
| | | 3038000 | | 1176000 | 1862000 |
| ഗ്രാമപഞ്ചായത്ത് | 2021-22 | 1750000 | PMAY(G)ലൈഫ് പദ്ധതി(ജനറൽ) | 420000 | 0 |
| | | | PMAY(G)ലൈഫ് പദ്ധതി(എസ്.സി) | 217000 | 0 |

വാർഷിക കണക്ക് RP 31 പ്രകാരം സംയുക്ത പ്രോജക്ട് മുനിസിപ്പൽ കോർപ്പറേഷൻ വിഹിതമിനത്തിലും ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തുക ചെലവ് പത്രികയിൽ വന്നിട്ടില്ല. വിശദവിവരം ഖണ്ഡിക 1-2-1(10)ആയി നൽകിയിട്ടുണ്ട്.

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

ഇല്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ. വൈ ഗുണഭോക്താക്കൾക്ക് നൽകാനുള്ള സംസ്ഥാന സർക്കാർ അധിക വിഹിതം നൽകൽ | സ.ഉ.(എസ്) നം.90/2013/ ത.സ്വ.ഭ.വ, തീയതി 19-03-2013 | 0 | 0 | 0 | 0 | 1688128 |

ലോൺ രജിസ്റ്ററിൽ തിരിച്ചടവ് വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇതിനാൽ നാളിതുവരെയെടുത്ത വായ്പ എത്രയെന്നോ പലിശ എത്രയെന്നോ ഉള്ള വിവരങ്ങൾ ലഭ്യമല്ല. ഇത് വാർഷിക കണക്ക് അപാകതയിൽ(ഖണ്ഡിക 2-1) ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | | 2001-02 | IV-13-(ii) 11.13.1 | 1.ഡിസ്ട്രിബ്യൂട്ടറി കനാൽ ഉപയോഗ യോഗ്യമാക്കൽ | LFAC(2004-06)(14) ഖണ്ഡിക78 പ്രകാരം സമിതി നിർദ്ദേശം പാലിക്കാതെ സെക്രട്ടറിക്കെതിരെ വകുപ്പുതല നടപടി |
| 2000-01 | 3-1 | 2001-02 | IV/60(6) 11.13.2 | ട്രൈസം ട്രെയിനിംഗ് സെന്റർ കെട്ടിട നിർമ്മാണം | LFAC(2004-06)(14) ഖണ്ഡിക 81 പ്രകാരം 57491/-രൂപ ഉത്തരവാദിയിൽ നിന്നും ഈടാക്കാൻ ശുപാർശ |
| | | 2014-15 | അവലോകനം | വസ്തുവകകൾ കാട് പിടിച്ച് കിടക്കുന്നു. | പരാമർശം തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | | 2014-15 | അവലോകനം | ഉപയോഗ ശൂന്യമായ കാർഷിക ഉപകരണങ്ങൾ | പരാമർശം തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | സർട്ടിഫിക്കറ്റ് നം./തീയതി | ഉൾപ്പെട്ട തുക |
|---|---|---|
| 1999-2000 | ഖ നം.269,37, 38(3), 29(2) | എൽ.എഫ്.15351/സ്പെ.സെൽ. സി3 5/03 തീയതി.15.01.15 – 7425/- |
| 2000-01 | ഖണ്ഡിക നം.30(1), 33, 37, 350 | എൽ.എഫ്.153/52/ സ്പെ.സെൽ. എസ്.സി.5/03 തീയതി.21.02.03 - 86348/- |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 53275779 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 49795608 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3600 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1511200 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-1 | 3600 | ശ്രീമതി സിസിലി പി.വി<br>സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-9 | 11200 | ശ്രീ മുഹമ്മദ് മുഹ്സിൻ കെ.പി<br>സെക്രട്ടറി |
| 1-12 | 1000000 | ശ്രീ മുഹമ്മദ് മുഹ്സിൻ കെ.പി |
| 1-16(1) | 500000 | ശ്രീമതി വിൻസി വിജയൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സിസിലി പി.വി<br>സെക്രട്ടറി | സെക്രട്ടറി,<br>ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ്<br>തൈക്കാട്ടുശ്ശേരി,<br>ആലപ്പുഴ | കരുവേലി<br>വി.വി.കെ വാലത്<br>റോഡ്<br>സൗത്ത് ചിറ്റൂർ<br>എറണാകുളം |
| ശ്രീ മുഹമ്മദ് മുഹ്സിൻ കെ.പി<br>സെക്രട്ടറി | സെക്രട്ടറി,<br>ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ് പന്തലായനി,<br>കോഴിക്കോട് | തൊട്ടുപൊയിൽ,<br>പി.ഒ. ഉണ്ണികുളം |

| | | |
|---|---|---|
| ശ്രീമതി വിൻസി വിജയൻ | അസിസ്റ്റന്റ് എഞ്ചിനീയർ തോടന്നൂർ | വിനായക താഴെ ചൊവ്വ കണ്ണൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96, 1996-97 1997-98 | എൽ.എഫ്.കെ.കെ.ഡി/പി.7-36/ 12(1), 14-02-2012 | 4 (22എ (4), 28, 30, 35എ (1,2) |
| 1998-99 | കെ.എസ്.എ.കെ.കെ.ഡി/പി.7/ 2258/16/ 20.05.2017 | 1 (36) |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/പി.7-36/ 12(11), 28.03.2012 | 7 (26(എ), 32, 33, 37, 38(3), 39(2), 41) |
| 2000-01 | എൽ.എഫ്.കെ.കെ.ഡി/പി.7-36/ 12(3), 14.02.2012 | 11 (30, 31, 32, 33, 36, 37, 38(3), 39(2), 41, 50, 52 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി.7-36/ 12(4), 14.02.2012 | 3 (21, 29, 31) |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി.7-36/ 12(5), 14.02.2012 | 6 4(1), 6(2, 3), 7, 8, 12, 13 |

| | | |
|---|---|---|
| 2004-05 | കെ.എസ്.എ.കെ.കെ.ഡി/പി.12/ 919/20, 4.02.21 | 1 (3-3(3) |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി/പി.12/ 862/20, 28.01.21 | 1 (3-7) |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി/പി.12/ 1155/20(2) , 8.10.21 | 1 (3-6 ) |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി/പി.8/ 49/22/18.05.22 | 3 (3-6(എ,സി), 3-9 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി.7-741/ 12/06.07.2012 | 15 (1-1), 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, (3-6(1,2,3), 3-7, 3-8, 3-9, 3-10, 3-11, 3-12) |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി/പി.12/ 267/21/ 14.7.21 | 6 (3-3, 3-4, 3-5, 3-6(1,2,3), 3-10, 4-6(ബി) ) |
| 2010-11, 2011-12 | എൽ.എഫ്.കെ.കെ.ഡി/പി.7 /1200/ 14/06.11.2014 | 6 (3-1, 3-6, 3-11(1), 3-12, 3-13, 3-14 |
| 2012-13, 2013-14 | കെ.എസ്.എ.കെ.കെ.ഡി/പി.8/ 51/ 2022/ 18.05.2022 | 9 (3-2, 3-3(1,3), 3-4, 3-5, 3-6, 3-7, 3-8, 3-9, 4-1) |
| 2014-15, 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി.8/ 712/22/ 18.5.22 | 4 3-1, 3-2, 3-9, 3-10 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി.8/ 712/22/ 18.05.2022 | 4 3-5, 3-6, 3-7, 3-10 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/പി.8/ | 5 |

| | | |
|---|---|---|
| | 712/22/18.05.22 | 1-12, 2-1, 3-1(സി.ഡി), 3-3(എ,ബി(2),(3), സി), 4-10 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/പി.8/ 55/22/11.4.22 | 5 (1-9(4), (5), (7 ഭാഗികം), 1-15 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/പി.8/ 554/2022 Dtd 31-03-2022 | 1-1, 1-2, 1-3, 1-4, 1-5, 1-6, 1-7, 1-8, 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്